

## മരിച്ചവരുടെ ഓർമ്മ

Very. Rev. P U Kuriakose Cor-Episcopa, Potharayil

മരണം വഴി നമ്മിൽ നിന്ന് വേർപെട്ടുപോയവരെ അനുസ്മരിക്കുവാനും അവർക്കായി പ്രത്യേകം പ്രാർത്ഥിക്കുന്നതിനുമായി മാറ്റിവച്ചിരിക്കുന്ന ദിവസമാണിന്ന്. അതോടൊപ്പം ജീവിച്ചിരിക്കുന്നവരായ നമ്മൾ മരണത്തെപ്പറ്റി ചിന്തിക്കാനും ഉചിതമായ തീരുമാനങ്ങൾ എടുത്തുകൊണ്ട് ജീവിത്തെ ക്രമപ്പെടുത്താനുള്ള ഒരാഹ്വാനവും ഈ ദിനം നമുക്കു തരുന്നു.

മരണം ഒരു യാഥാർത്ഥ്യമാണ് (ഉല്പ. 3:19). അത് വേദനാജനകമാണ്. മരണം വേർപാടാണ്. നമ്മിൽ എല്ലാവർക്കും തന്നെ മരണം വഴി വേർപെട്ടു പോയവരുണ്ടാകും. നമ്മിൽ ചിലരുടെങ്കിലും മാതാപിതാക്കന്മാർ നിത്യഭാഗ്യത്തിലേക്ക് എടുക്കപ്പെട്ടിട്ടുണ്ടായിരിക്കാം. സ്വന്തപ്പെട്ടവരുടെ വേർപാടിൽ ദുഃഖിച്ചു കഴിയുന്നവർ നമ്മിലുണ്ടായിരിക്കും. പ്രിയപ്പെട്ടവരുടെ വേർപാട് ഒരു നൊമ്പരമായി എന്നും നമ്മുടെ മനസ്സിൽ മരിക്കാതെ നിലനിൽക്കുന്നുണ്ടാകും.

ക്രൈസ്തവന് മരണം ഒരിക്കലും ഒരന്ത്യമല്ല. അത് ഒരു കടന്നുപോകലാണ്. സുഖദുഃഖങ്ങളുടെ ഈ ലോകത്തിൽ നിന്ന് സന്തോഷത്തിന്റെ നിത്യതയിലേക്കുള്ള കടന്നുപോകൽ. മാറിക്കൊണ്ടിരിക്കുന്ന ലോകത്തിൽ നിന്ന് മാറ്റമില്ലാത്തവന്റെ അടുത്തേക്കുള്ള ഒരു യാത്രയാണിത്. മർത്യതയുടെ നാട്ടിൽ നിന്ന് അമർത്യതയുടെ നാട്ടിലേക്കുള്ള സഞ്ചാരമാണിത്. വിതയും കൊയ്തും ഇല്ലാതെ നിത്യരാജ്യത്തിലേക്കുള്ള പ്രവേശനമാണിത്. ഏല്പിച്ച ജോലി പൂർത്തിയാക്കി യജമാനന്റെ പക്കലേക്കുള്ള എത്തിച്ചേരലാണിത്. അദ്ധ്വാനത്തിന് പ്രതിഫലം വാങ്ങുന്നതിനുള്ള യാത്രയാണിത്. ദിവസങ്ങളുടെ അദ്ധ്വാനത്തിനു ശേഷമുള്ള ശാബത്താണിത് -വിശ്രാമവസ്ഥയാണിത് (ജോഷ്വ. 23:14)

മരണമടഞ്ഞ വ്യക്തി ഇനിയൊരിക്കലും തന്റെ മരണത്തെക്കുറിച്ച് ചിന്തിക്കുന്നില്ല. അങ്കം ജയിച്ചുവന്ന യോദ്ധാവിനെപ്പോലെ മരിച്ചവർ ശാന്തഗംഭീരമായി നമ്മെ കടന്നു പോകുന്നു.

ഓർമ്മകൾക്ക് മരണമില്ല. വേണ്ടപ്പെട്ടവരുടെ ഓർമ്മകൾ ഒരിക്കലും മരണമുണ്ടാകുമെന്ന് തോന്നുന്നില്ല. ഓളങ്ങൾ നിലക്കാത്തതുപോലെ ഓർമ്മകൾ എന്നും ആഴത്തിൽ നമ്മുടെ സ്മൃതിപഥത്തിൽ പച്ചകെടാതെ നിൽക്കും. ആഴത്തിൽ ചിന്തിക്കുമ്പോൾ, നമ്മുടെ വേണ്ടപ്പെട്ടവരാരും മരിച്ചിട്ടില്ല എന്ന് നമുക്ക് മനസ്സിലാകും. ഖലിൽ ജിബ്രാൻ പറയുന്നുണ്ട് ഓർമ്മകൾ ഒരു തരത്തിലുള്ള കണ്ടുമുട്ടലാണ് എന്ന്. അങ്ങനെ നോക്കുമ്പോൾ ദൂരെ എവിടേയ്ക്കോ യാത്ര പോയിരിക്കുന്ന ഒരാളുടെ സാന്നിദ്ധ്യം പോലെ തന്നെയാണ്, ശാരീരികമായി നമ്മിൽ നിന്ന് വേർപെട്ടിരിക്കുന്നവും. അവരൊക്കെയിന്ന് നിത്യതയുടെ നഗരത്തിലാണ്. നാമും അവിടേയ്ക്കുള്ള യാത്രയിലാണ്. വീണ്ടുമൊരു പുനഃസമാഗമം നമ്മുടെ വിശ്വാസത്തിന്റെ അടിസ്ഥാവുമാണ്.

ദൈവമാകുന്ന തോട്ടക്കാരൻ ഈ ലോകമാകുന്ന തോട്ടത്തിൽ വിടർത്തിയെടുത്ത പുഷ്പങ്ങളാണ് നമ്മൾ, വിടർന്ന് സുഗന്ധവും, സൗരഭ്യവും പരത്തുകയാണ് പുഷ്പങ്ങളുടെ കടമ. തോട്ടക്കാരന്റെ ആഗ്രമനുസരിച്ച് പറിച്ചു നടലിന് വ്യത്യാസമുണ്ടായിരിക്കാം. ഈ അവസരത്തിൽ കുറച്ചു നാളുകൾക്ക് മുമ്പ് പത്രത്തിൽ വന്ന ഒരു മരണക്കുറിപ്പ് ഓർത്തു പോവുകയാണ്. പ്രിയപ്പെട്ട അമ്മേ, അമ്മയ്ക്ക് ഇത് വിഷമമാകുമെന്നറിയാം. കാരണം ഇത് എന്നിൽ നിന്ന് അമ്മ പ്രതീക്ഷിച്ചിരുന്നതല്ല. അമ്മ വിഷമിക്കരുത്. കാരണം ഞാൻ മരിച്ചിട്ടില്ല. പ്രവേശനം നിരസിക്കാത്ത ഒരു സുഹൃത്തിനെ കാണാനുള്ള യാത്രയിലാണ് ഞാൻ. അദ്ദേഹത്തിന്റെ പേര് യേശു എന്നാണ്. അദ്ദേഹം ഒരുവനാണ് എന്നെ ഒരിക്കലും നിരസിക്കാത്തവൻ. പ്രവേശനത്തിന് അദ്ദേഹം പണവും വാങ്ങുന്നില്ല. അവന്റെ രാജ്യത്തിൽ എല്ലാം വെറുതേ കിട്ടും. എന്റെ എല്ലാ സുഹൃത്തുക്കളോടും അന്വേഷണം പറയുമല്ലോ. ഞാൻ അവർക്കായി പ്രാർത്ഥിക്കുന്നുണ്ട്. സ്നേഹമുള്ള മകൻ, അമ്മയ്ക്ക്.

തന്റെ പരലോക യാത്രയ്ക്കു മുമ്പ് ഗ്രെൻവില്ല എന്ന ഇരുപതുവയസ്സുകാരൻ തന്റെ പ്രിയപ്പെട്ട അമ്മയ്ക്കെഴുതിയ കത്തിന്റെ രൂപമാണ് ഞാനിപ്പോൾ പറഞ്ഞത്. എന്നും ജീവിക്കാനാഗ്രഹിച്ച ഒരു ചെറുപ്പക്കാരൻ

തന്റെ ഹൃദയരക്തം കൊണ്ടെഴുതിയ കത്താണിത്. ശാരീരികമായി തന്റെ പ്രിയപ്പെട്ടവരെ വേർപിരിഞ്ഞെങ്കിലും ഇനിയും കണ്ടുമുട്ടും എന്നുള്ള ശുഭപ്രതീക്ഷ അവന്റെ കത്തിലുണ്ട്.

വേർപിരിഞ്ഞ, രക്ഷകനായ യേശുവിനെ കാണുവാൻ യാത്രയായവരെ ഓർക്കുന്ന ഈ ദിവസത്തിൽ ഈ ഓർമ്മയ്ക്കും പ്രത്യേക സാംഗത്യമുണ്ട്. നമ്മുടെ ഈ യാത്രയിൽ നാമാരും തനിച്ചല്ല. എല്ലാവരുടേയും ലക്ഷ്യം ഒന്നുതന്നെയാണ്. ചിലർ നേരത്തെ പോയി. ചിലർ താമസിച്ചു വരുന്നു. എന്തൊക്കെയായാലും അവസാനം എല്ലാവരും ഒരുമിക്കുമെന്നാണ് പ്രഭാഷകന്റെ പുസ്തകത്തിൽ നാം വായിക്കുന്നത്. (38:20-23)

പുണ്യവാന്മാരുടെ ഐക്യത്തിൽ വിശ്വസിക്കുന്നു. എന്ന് ഏറ്റുപറയുന്നവരാണ് നമ്മൾ. അതുകൊണ്ടു തന്നെ മരണമടഞ്ഞ് നമ്മിൽ നിന്ന് വേർപെട്ടവർക്കായി പ്രാർത്ഥിക്കുവാൻ നമുക്ക് കടമയുണ്ട്. നമ്മുടെ പ്രാർത്ഥനകളും സൽപ്രവർത്തികളും അവരുടെ മുക്തിക്കായി ഉപകരിക്കും എന്നുള്ളത് നമ്മുടെ വിശ്വാസമാണ്. ഈ അവസരത്തിൽ ജീവിച്ചിരിക്കുന്നവർക്കായി നമുക്കെന്തു ചെയ്യുവാൻ സാധിക്കുമെന്ന് ചിന്തിക്കുന്നത് ഉചിതമാണ്. മരിച്ചതിനു ശേഷം മാത്രമാണ് നമ്മൾ അവരെക്കുറിച്ച് നല്ലത് പറയുന്നത്. ഈ നല്ല കാര്യങ്ങൾ അവർ ജീവിച്ചിരുന്ന സമയത്ത് പറഞ്ഞിരുന്നുവെങ്കിൽ പലരും കുറച്ചുകാലം കൂടി സന്തോഷത്തോടെ ഇവിടെ ജീവിക്കുമായിരുന്നു. സ്നേഹമുള്ളവരേ, നമ്മൾ ചിന്തിക്കേണ്ട ഒരു വസ്തുതയല്ലേ ഇത് ? മരിച്ചവരെ ഓർക്കുന്ന ജീവിച്ചിരിക്കുന്നവരായ നാം ഇനിയുള്ള ജീവിതകാലത്ത്, ജീവിച്ചിരിക്കുന്നവരെ സ്നേഹിക്കുവാനായി അവരെ സഹായിക്കുവാനായി പരിശ്രമിക്കാം.

മരണമെന്ന യാഥാർത്ഥ്യം എപ്പോഴും ഒരുക്കമുള്ളവരായിരിക്കുവാൻ നമ്മെ അനുസ്മരിപ്പിക്കുന്നുണ്ട്. മരണം ഒരു കള്ളനെപ്പോലെ കടന്നുവരുന്നുവെന്നാണ് വിശുദ്ധഗ്രന്ഥം നമ്മോട് പറയുന്നത്. (വി.മത്താ. 24:40) കൊട്ടാരത്തിലും, കുടിലിലും, മരണം കയറിയിറങ്ങുന്നുണ്ട്. രംഗബോധമില്ലാത്ത കോമാളിയെപ്പോലെ മരണം കടന്നു വരുമ്പോൾ നാം ഒരുക്കമുള്ളവാരായിരുന്നുവെങ്കിൽ മാത്രമേ നിത്യ സൗഭാഗ്യത്തിന് നമുക്ക് അവകാശം ലഭിക്കുകയുള്ളൂ. മരണത്തോടെ അവസാനിക്കുന്നതല്ല മനുഷ്യജീവിതം. ആറടി മണ്ണിൽ പൂർത്തിയാക്കപ്പെടുന്നതല്ല നമ്മുടെ യാത്ര. ആത്മാവിന്റേയും, ശരീരത്തിന്റെയും ഉയിർപ്പിൽ വിശ്വസിക്കുന്നവരാണ് നാമൊക്കെ. ഈശോയോടൊത്ത് ജീവിച്ച്, മരിച്ച്, അവിടുത്തോടൊപ്പം ഉയിർത്ത് മഹത്വത്തിലേക്ക് പ്രവേശിക്കുന്നവരാണഅ നാമെല്ലാവരും (1 തെസ. 4:1314)

വഴിയമ്പലങ്ങളിൽ അന്തിയുറങ്ങി, പാഥേയങ്ങൾ സ്വീകരിച്ച് നിത്യതയിലേക്ക് നടന്നു നീങ്ങുന്നവരാണ് ക്രിസ്ത്യാനികൾ. സ്ഥിരമായ ഭവനം നമ്മൾക്കിടവിടെയില്ല. തീർത്ഥാടകരായ നാം ചുമരുകൾക്കുള്ളിൽ അടയ്ക്കപ്പെടുന്നവരായിരിക്കരുത്. നമ്മുടെ സ്വത്ത്, സമ്പാദ്യം എല്ലാം ദൈവചിത്തത്തിനനുസരിച്ച് നമുക്ക് ചിലവഴിക്കാം. നമ്മുടേതെന്ന് പറയുവാൻ നമുക്കൊന്നുമില്ല. കാവൽക്കാരാണ് നാമൊക്കെ. ഒന്നുമില്ലാത്തവരായി വന്ന നാമോരോരുത്തരും വെറും കയ്യോടെതന്നെയാണ് തിരിച്ചുപോകുന്നത്. ലോകസുഖങ്ങളിലും, സമ്പത്തിലും കടിച്ചുതൂങ്ങി കിടക്കാതിരിക്കാൻ നമുക്ക് പരിശ്രമിക്കാം.

നമ്മുടെ രക്ഷകൻ മരണത്തെ കീഴടക്കിയവനാണ്. മരണമെന്ന ശത്രുവിനെ തന്റെ ഉത്ഥാനം വഴിയായ് അവിടുന്ന് പരാജയപ്പെടുത്തി നമുക്ക് ജീവനുണ്ടാകുവാനും അത് സമൃദ്ധമായി ഉണ്ടാകുന്നതിനും വേണ്ടിയാണ് (വി.യോഹ. 10:10) അവിടുന്ന് മരണം കൈവരിച്ചത്. തന്റെ ഓമന പുത്രന്റെ വേർപാട് ദൈവവേഷ്ടമെന്ന് കരുതി സ്വീകരിച്ച നമ്മുടെ അമ്മ, പ്രിയപ്പെട്ടവരുടെ വേർപാടിൽ ദുഃഖിക്കുന്ന നമുക്ക് ആശ്വാസമരുളട്ടെ. ഒരുമിച്ചുള്ള ഈ യാത്ര എന്നും നമ്മെ ദൈവത്തിലേക്ക് നയിക്കട്ടെ. സ്നേഹത്തിൽ വളർന്ന്, വിശ്വാസത്തിൽ ഉറച്ചു നിന്നുകൊണ്ട് നിത്യജീവിത്തിലേക്ക് നമുക്ക് നടന്നടുക്കാം. ദൈവം നമ്മെ അനുഗ്രഹിക്കട്ടെ.